പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 334

# 2010-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2010

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 334

# 2010-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ

466/2010.

# 2010-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ

1994-ലെ കേരള പഞ്ചായത്ത് രാജ്
ആക്റ്റ് വീണ്ടും ഭേദഗതി
ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അറുപത്തി ഒന്നാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2010-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 235 എ ബി വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 235 എ ബി വകുപ്പ് (1)-ാം ഉപവകുപ്പിൽ "1999 ഒക്ടോബർ 15-ാം തീയതിയോ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കുംപകരം "2008 ഡിസംബർ 31-ാം തീയതിയോ" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1999 ഒക്ടോബർ മാസം 15-ാം തീയതി വരെ അനധികൃതമായി നടത്തിയിട്ടുള്ള കെട്ടിട നിർമ്മാണങ്ങൾ, നിബന്ധനകൾക്ക് വിധേയമായി ഒരു നിശ്ചിത രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് ക്രമവത്ക്കരിച്ച് നൽകുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 235 എ ബി വകുപ്പ് (1)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. മേല്പറഞ്ഞ തീയതിയ്ക്കുശേഷം അനധികൃതമായി നിർമ്മിക്കപ്പെട്ട ധാരാളം കെട്ടിടങ്ങൾ ക്രമവത്ക്കരിക്കപ്പെടാതെ അവശേഷിക്കുന്നതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വസ്തു നികുതിയിനത്തിൽ വൻനഷ്ടം ഉണ്ടാകുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നികുതിയിനത്തിൽ ലഭിക്കേണ്ട തുക ഈടാക്കാനാകാത്ത സാഹചര്യം

ഒഴിവാക്കാനും തുടർന്നുള്ള അനധികൃത കെട്ടിട നിർമ്മാണം കർശനമായി തടയാനും ഇത്തരത്തിലുള്ള കെട്ടിടനിർമ്മാണങ്ങൾ ക്രമവത്ക്കരിച്ചു നൽകേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു. ആയതിനാൽ 2008 ഡിസംബർ മാസം 31-ാം തീയതി വരെ നടത്തിയിട്ടുള്ള അനധികൃത കെട്ടിട നിർമ്മാണങ്ങൾ നിബന്ധനകൾക്കു വിധേയമായി ക്രമവത്ക്കരിക്കാൻ സർക്കാർ തീരുമാനിച്ചു.

ഈ ഉദ്ദേശ്യം കൈവരിക്കുന്നതിലേയ്ക്കായി കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 235 (എ ബി) വകുപ്പ് (1)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യാൻ വേണ്ടിയുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ, സർക്കാരിന്റെ സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

പാലോളി മുഹമ്മദ് കുട്ടി

## 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ പ്രസക്ത ഭാഗങ്ങൾ

(1994-ലെ 13)

** ** **

235. എ ബി.—അനധികൃത കെട്ടിട നിർമ്മാണം ക്രമവത്ക്കരിക്കുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും 1999 ഒക്ടോബർ 15-ാം തീയതിയോ അതിനുമുൻപോ ഏതെങ്കിലും വ്യക്തിയോ സ്ഥാപനമോ അനധികൃതമായി ഏതെങ്കിലും ഭൂവികസനമോ കെട്ടിടനിർമ്മാണമോ നടത്തിയിട്ടുണ്ടെങ്കിൽ സർക്കാരിന്, നിർണ്ണയിക്കപ്പെട്ട പ്രകാരം രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് അപ്രകാരമുള്ള ഭൂവികസനമോ കെട്ടിട നിർമ്മാണമോ ക്രമവൽക്കരിക്കാവുന്നതാണ്.

എന്നാൽ, അപ്രകാരമുള്ള ക്രമവൽക്കരണം നിലവിലുള്ള ടൗൺ പ്ലാനിംഗ് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും ആസൂത്രണ പദ്ധതിയേയോ മാസ്റ്റർ പ്ലാനിനേയോ ദോഷകരമായി ബാധിക്കുവാൻ പാടില്ലാത്തതാണ്:

എന്നുമാത്രമല്ല, ഈ ആക്റ്റിലോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിലോ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ സംവിധാനങ്ങളെ സംബന്ധിച്ച് വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് നടത്തിയിട്ടുള്ള യാതൊരു കെട്ടിട നിർമ്മാണവും ക്രമവൽക്കരിക്കുവാൻ പാടില്ലാത്തതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ക്രമവൽക്കരണത്തിനുവേണ്ടി നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിലും രീതിയിലും അപേക്ഷ സമർപ്പിക്കേണ്ടതാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിന്, 'അനധികൃതമായ നിർമ്മാണം' എന്നാൽ ഈ ആക്റ്റിലെ 235 ഡബ്ല്യു വകുപ്പുപ്രകാരം സെക്രട്ടറിക്ക് ക്രമവൽക്കരിക്കുവാൻ അധികാരമില്ലാത്ത ഏതെങ്കിലും നിർമ്മാണമോ അല്ലെങ്കിൽ ഈ ആക്റ്റിലേയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിലേയോ വ്യവസ്ഥകൾക്കോ അംഗീകൃത പ്ലാനിനോ വിരുദ്ധമായി നിർമ്മിച്ചതോ പുനർനിർമ്മിച്ചതോ അല്ലെങ്കിൽ സർക്കാർ അനുവദിച്ച ഏതെങ്കിലും ഒഴിവാക്കൽ ഉത്തരവിൽനിന്നോ അതിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും നിബന്ധനകളിൽ നിന്നോ വ്യതിചലിച്ചുകൊണ്ട് നിർമ്മിച്ചതോ ആയ ഏതെങ്കിലും നിർമ്മാണം എന്നർത്ഥമാകുന്നു.

** ** **